# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1661 21.03.2012-ൽ മറുപടിയ്ക്ക്

## സർക്കാർ ഗസറ്റ് യഥാസമയം ലഭിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| (എ) താലൂക്ക് ആഫീസിലേക്കും, എം.എൽ.എ.മാർക്കും സർക്കാർ ഗസറ്റ് യഥാസമയം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) എങ്കിൽ ഇതിന് കാരണം വ്യക്തമാക്കുമോ; | സർക്കാർ ഗസറ്റ്, വരിക്കാർക്കും സർക്കാർ സ്ഥാപനങ്ങൾക്കും എം.എൽ.എ.മാർക്കും മറ്റ് ബന്ധപ്പെട്ടവർക്കും തപാൽ മുഖാന്തിരം കൺസഷൻ റേറ്റിലാണ് അയച്ചുകൊടുക്കാറുള്ളത്. എന്നാൽ ഇപ്പോൾ ആർ.എൻ.ഐ.രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് മാത്രമേ കൺസഷൻ റേറ്റ് ലഭിക്കുകയുള്ളൂവെന്ന് പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ന്യൂഡൽഹിയിൽ നിന്നും ആർ.എൻ.ഐ രജിസ്ട്രേഷൻ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചു വരുന്നു. ആർ.എൻ.ഐ രജിസ്ട്രേഷൻ ലഭിക്കാത്തതിനാൽ ഗസറ്റ് കൃത്യമായി അയയ്ക്കാൻ സാധിച്ചിട്ടില്ല. |
| (സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | ആർ.എൻ.ഐ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ